**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **19-06-2024 - ൽ മറുപടിയ്ക്ക്**

**പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം നൽകിയ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ ആനക്കയം കുട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന് 17.05.2010 തീയതിയിൽ മുൻകൂറായി സ്ഥലം വിട്ടുകൊടുത്ത ഇരുപത്തിമൂന്ന് ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നാളിതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ ആനക്കയം കുട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിച്ചു കൊണ്ട് പനമ്പറ്റക്കടവ് പാലം നിർമ്മിക്കുന്നതിന് 2009ൽ 14.07.2009 തീയതിയിലെ സ.ഉ.(സാധാ)നം.1044/2009/ പൊ.മ.വ. ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ സ്ഥലമെടുപ്പിനായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. പിന്നീട് 2018 ൽ 171/2018 പൊ.മ.വ. തീയതി 30/1/2018 ഉത്തരവ് അനുസരിച്ചാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയത്. ഇത് അനുസരിച്ച് പാലത്തിന്റെ അനുബന്ധ റോഡിനായി 0.4101 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിച്ച പാലം ആയതിനാൽ, ആ പാക്കേജിന്റെ കാലാവധി കഴിഞ്ഞതിനാൽ ആ ഹെഡിൽ പണം അനുവദിക്കാനാവില്ലെന്നാണ് ധനകാര്യ വകുപ്പ് മറുപടി നൽകിയത്. ഇതനുസരിച്ച് സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതി കൂടി തേടി തുടർനടപടികൾ സ്വീകരിക്കും. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് ലഭ്യമാക്കാത്തതാണ് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക അനുവദിക്കണമെന്ന റവന്യൂ വകുപ്പിന്റെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | സർക്കാരിന്റെ വികസന പദ്ധതികൾക്കായി മുൻകൂറായി സ്ഥലം വിട്ടുകൊടുത്തിട്ടും നാളിതുവരെ | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരത്തുക അനുവദിക്കാതിരുന്നത് ഏത് തലത്തിലുണ്ടായ വീഴ്ചയാണെന്ന് അറിയിക്കുമോ; പ്രസ്തുത നഷ്ടപരിഹാരം നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകുന്നതിന് തുക നീക്കി വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ; | | |
| (ഡി) | പ്രസ്തുത നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ